# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 131 — 25.04.2017 ൽ മറുപടിയ്ക്ക്

### ചെറായി എ കെ ജി ലൈബ്രറി കത്തിച്ച സംഭവം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചെറായി എ കെ ജി ലൈബ്രറി കത്തിച്ച സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കുമോ;<br><br>(ബി) ഇക്കാര്യത്തിൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;<br><br>(സി) സംഭവത്തിൽ ഉൾപ്പെട്ടവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കുറ്റം ചുമത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;<br><br>(ഡി) അന്വേഷണത്തിന്റെ ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ? | (എ),<br>(ബി),<br>(സി),<br>&<br>(ഡി) | ചെറായി എ.കെ.ജി.വായനശാലയും, തൊട്ടടുത്ത കടമുറികളും സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചതു സംബന്ധിച്ചുള്ള കേസ് (മുനമ്പം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 985/15) ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നമ്പർ 09/CR/OCW-II/EKM/2016 പ്രകാരം 20/02/2016 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി നാളിതുവരെ 108 സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും, സംശയിക്കപ്പെടുന്നവരുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങൾ ശേഖരിച്ചും, കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കളുടെ സാമ്പിൾ ശാസ്ത്രീയ പരിശോധനയ്ക്ക് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചും വൈദ്യുതി/അഗ്നി ശമന എന്നീ വിഭാഗങ്ങളിൽ നിന്നും റിപ്പോർട്ടുകൾ വാങ്ങിയും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ ചെറായി എ.കെ.ജി. വായനശാലയും, തൊട്ടടുത്ത കടമുറികളും സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചതുമായി ബന്ധപ്പെട്ട് കൃത്യമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ കേസിലേയ്ക്ക്, സംശയിക്കുന്നവരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ u/c Fire Occurrence പ്രകാരമാണ് കേസിന്റെ അന്വേഷണം നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ.